(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ വിളിച്ച് ഉടൻ നിർമ്മാണം ആരംഭിക്കുവാൻ ജില്ലാ കളക്ടർ 5-12-2014-ന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

മിച്ച ഭൂമികളിൽ താമസിക്കുന്നവർക്ക് ഭൂമി ലഭ്യമാക്കാൻ നടപടി

112(4743) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 -ലെ കേരള ലാന്റ് റിഫോംസ് അമെന്റ്മെന്റ് ആക്ടിലെ വകുപ്പ് 7 ഇ. പ്രകാരം മിച്ച ഭൂമികളിൽ താമസിക്കുന്ന ആളുകളെ കേസുകളിൽ നിന്നും ഒഴിവാക്കി ഭൂമി അവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ കുടിയാൻമാർ എന്നതിന്റെ നിർവചനമെന്താണ്, ജൻമിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി വിലയ്ക്കുവാങ്ങിയ കർഷകർക്ക് ഭൂമിയുടെ സ്ഥിരാവകാശം നൽകുമെന്ന 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്താവന നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ്. കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല്-2013-ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കുടിയാന്റെ നിർവ്വചനം അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly